**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1205** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക പുരോഗതിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കാർഷിക പുരോഗതിക്കായി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, സുഗന്ധവിളകൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയിൽ നെൽ കൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസന പദ്ധതി, സുഗന്ധ വ്യഞ്ജനങ്ങളുടെ വികസന പദ്ധതി എന്നിവ ഉൾപ്പെടുന്നു. ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണ കുരുക്കൾ എന്നിവയുടെ വിസ്തൃതി വർദ്ധനവിനായി നടത്തുന്ന പദ്ധതിയായ "വിള വൈവിധ്യവൽകരണം, വിള തീവ്രത, അവതരണം" എന്നതും നടപ്പിലാക്കി വരുന്നു.

തെങ്ങിന് തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രനാളികേരവികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ നാളികേര വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് 2022-23 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് കർഷകരുടെ കൂട്ടായ്മകളായ എഫ് പി ഓ (FPO) കൾ / കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്.

കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഫാം യന്ത്രവൽക്കരണ സഹായ പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മസേനകളും

കൃഷിശ്രീ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത SMAM പദ്ധതി മുഖേന കർഷകർക്കും കൂട്ടായ്മകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിപണനവും മൂല്യവർദ്ധനവും ഉറപ്പാക്കുന്നതിനായി വിപണി വികസനം, വിലസ്ഥിരതയുള്ള വിപണി ഇടപെടൽ, വിളവെടുപ്പിന് ശേഷമുള്ള മൂല്യവർദ്ധനവ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി Kerala Farm Fresh Base Price, പച്ച തേങ്ങ സംഭരണം, നെല്ല് സംഭരണം, റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി എന്നിവ നടപ്പിലാക്കുന്നു.

ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പുതല ഫാമുകൾക്കും ലാബുകൾക്കും സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. പ്രകൃതി ക്ഷോഭങ്ങളാൽ വിളകൾ നശിച്ച കർഷകർക്ക് നഷ്ടം ലഘൂകരിക്കുന്നതിനായി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, അടിയന്തര കീടരോഗ നിയന്ത്രണ പരിപാടി, PMFBYയും Restructured Weather Based Crop Insurance Scheme-ഉം നടപ്പിലാക്കുന്നു.

കാർഷിക വിജ്ഞാന വ്യാപനവും മാനവശേഷി വികസനവും ലക്ഷ്യമാക്കി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, മാനവശേഷി വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. 60 വയസ്സിന് മുകളിലുള്ള മുതിർന്ന കർഷകർക്ക് പ്രതിമാസം ₹2000/- കർഷക പെൻഷൻ നൽകുന്നു.

തോട്ടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി Mission for Integrated Development of Horticulture, എണ്ണക്കുരു കൃഷിക്ക് National Mission for Edible Oil (NMEO), ഭക്ഷ്യധാന്യ കൃഷിക്ക് National Food Security and Nutrition Mission (NFSNM), സംയോജിത കൃഷിരീതികൾക്കായി Rainfed Area Development, കൂൺ ഗ്രാമങ്ങൾ, RKVYയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ, Agriculture Infrastructure Fund, PM-Kisan തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നു.

പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനർനിർമ്മാണത്തിനായി Rebuild Kerala Initiative (RKI) നടപ്പിലാക്കുന്നു. കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF മുഖേന പദ്ധതികൾ നടപ്പിലാക്കുന്നു. കാലാവസ്ഥാ അനുരോധിക പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് സുസ്ഥിര കാർഷിക വികസനത്തിനായി ലോക ബാങ്ക് സഹായത്തോടെയുള്ള KERA പദ്ധതിയും നടപ്പിലാക്കുന്നു. ഇത് കൂടാതെ പദ്ധതിയേതര ഇനത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, കാർഷികാവശ്യത്തിന് സൗജന്യ വൈദ്യുതി, കാർഷിക കടാശ്വാസ പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**